1	2	3	4
2	ഒബ്സർവേഷൻ ഹോം/ചിൽഡ്രൻസ് ഹോം	450 ലക്ഷം	3,37.50,000
3	കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം	40,50,000	24,30,000
4	മേപ്പാടി ഗ്രാമപഞ്ചായത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണം	20,00,000	ചെലവഴിച്ചിട്ടില്ല
5	തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം, കണിയാമ്പറ്റ	25 ലക്ഷം	18,75,000
6	നിർഭയ സെന്റർ, കണിയാമ്പറ്റ	299 ലക്ഷം	ചെലവഴിച്ചിട്ടില്ല
7	വാട്ടർ ഫിൽറ്റർ അങ്കണവാടികൾക്ക് നൽകിയത്	6,11,100	6,11,100
8	കണിയാമ്പറ്റ ക്ഷേമ സ്ഥാപനങ്ങളുടെ റീട്ടെയിനിംഗ് വാൾ	58,50,000	ചെലവഴിച്ചിട്ടില്ല

(സി) ടി പദ്ധതികളിൽ പൂർത്തിയാക്കാനുള്ള പ്രവർത്തികൾ ചുവടെ ചേർക്കുന്നു:

വകയിരുത്തിയ തുക

1. നിർഭയ ഷെൽറ്റർ ഹോം - ₹ 299 ലക്ഷം

2. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് അങ്കണവാടികളായ കമ്പളക്കാട്, മണ്ഡകമൂല എന്നിവയുടെ നിർമ്മാണം - ₹ 16,20,000

3. മേപ്പാടി ഗ്രാമപഞ്ചായത്ത് അങ്കണവാടികൾ - ₹ 20,00,000

4. കണിയാമ്പറ്റ ക്ഷേമസ്ഥാപനങ്ങളുടെ റീടൈയിനിംഗ് വാൾ - ₹ 58,50,000

വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ

340(1719) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാം; ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ക്ഷേമത്തിനുള്ള എത്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെന്റ് അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളെ കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമാണോ;

(ഡി) വൃദ്ധജനങ്ങളുടെ ചികിത്സ, മറ്റു ക്ഷേമകാര്യങ്ങൾ എന്നിവ ഏകോപിപ്പിച്ചു നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൃദ്ധജനങ്ങൾക്ക് കുടുംബത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നില്ല, സാമ്പത്തിക പരാധീനത, ആരോഗ്യ പ്രശ്നങ്ങൾ, വിധവകളായ മുതിർന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ, വാർദ്ധക്യജന്യരോഗങ്ങൾ എന്നിവയാണ് വൃദ്ധജനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ.

വൃദ്ധജനങ്ങളുടെ ക്ഷേമപ്രവർത്തികളോടൊപ്പം ചികിത്സയും ഏകോപിപ്പിച്ച് നടത്തുന്നുണ്ട്. ആയതിലേക്കായി ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് ക്ലിനിക്, ആംബുലൻസ് എന്നിവ ഉൾപ്പെടുത്തി 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന വയോമിത്രം പദ്ധതിയും ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം എന്ന പദ്ധതിയും നടത്തിവരുന്നു.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ-സ്വകാര്യ വൃദ്ധസദനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. വാർദ്ധക്യകാല പെൻഷൻ 60 വയസ്സ് കഴിഞ്ഞവർക്ക് (60-80) 600 രൂപയും 80 കഴിഞ്ഞവർക്ക് 1,200 രൂപയും നൽകിവരുന്നു. ഡിമെൻഷ്യ കെയർ സെന്റർ എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി 11 ഗവൺമെന്റ് വൃദ്ധസദനങ്ങളും 4 ഗവൺമെന്റ് വൃദ്ധ വികലാംഗ സദനങ്ങളും ഒരു ഡിമെൻഷ്യ കെയർ സെന്റർ & വൃദ്ധസദനവും പ്രവർത്തിച്ചു വരുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 566 വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ഗവൺമെന്റ് അംഗീകൃതമല്ലാത്ത സ്ഥാപങ്ങളെക്കുറിച്ചുള്ള വിവരശേഖരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മുതിർന്നവർക്കുവേണ്ടിയുള്ള സംസ്ഥാന നയത്തിൽ വിഭാവനം ചെയ്തത് പ്രകാരമുള്ള വൃദ്ധജനങ്ങളുടെ ചികിത്സ, മറ്റ് ക്ഷേമകാര്യങ്ങൾ എന്നിവ ഏകോപിപ്പിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly